പ്രതിവാരം

സീതി

# വിശ്വാസം ക്രൈംബ്രാഞ്ച് അന്വേഷണപരിധിയിൽ

**തലശ്ശേരിയിലെ** ബാലകൃഷ്ണൻ എന്നൊരു വിശ്വാസി, മലപ്പുറം ജില്ലയിലെ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ പൂമൂടൽ ചടങ്ങ് നടത്തിയതായും പ്രസ്തുത ബാലകൃഷ്ണൻ കോടിയേരി ബാലകൃഷ്ണനാണെന്നും സി.പി.എം വിമതരുടെ *ജനശക്തി* വാരിക പറഞ്ഞത് വിവാദമായിരിക്കുകയാണല്ലോ. ആ ബാലകൃഷ്ണൻ കോടിയേരി ബാലകൃഷ്ണനല്ലെന്നും തിരുവങ്ങാട്ടെ ബാലകൃഷ്ണനായ ഞാനാണെന്നും പറഞ്ഞ് മറ്റൊരു ബാലകൃഷ്ണൻ രംഗത്തുവന്നിട്ടുമുണ്ട്. എന്നാൽ തിരുവങ്ങാട്ടെ ബാലകൃഷ്ണനെ കൂടാതെ മേൽവിലാസം കാണിക്കാത്ത മറ്റൊരു ബാലകൃഷ്ണൻ 2006 ജൂലൈ 23-ന് കാടാമ്പുഴയിൽ പൂമൂടൽ ചടങ്ങ് നടത്തിയെന്നാണ് മാധ്യമങ്ങൾ പറയുന്നത്. 2044 വരെയുള്ള പൂമൂടൽ ചടങ്ങ് ബുക്ക് ചെയ്യപ്പെട്ട ഒരു ക്ഷേത്രത്തിൽ ഊരും മേൽവിലാസവുമില്ലാത്ത വെറുമൊരു ബാലകൃഷ്ണന് പൂമൂടൽ നടത്താൻ കഴിയില്ലെന്നും അസാമാന്യ വി.ഐ.പികൾക്കേ അത് കഴിയൂവെന്നുമാണ് 'മാധ്യമ സിണ്ടിക്കേറ്റുകൾ' ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. വിശ്വാസം ഒളിഞ്ഞിരിക്കും എന്ന് കേട്ടിട്ടുണ്ട്, എന്നാൽ വിശ്വാസി തന്നെ ഉടലോടെ ഒളിഞ്ഞിരിക്കുകയോ; കാര്യം കണ്ടെത്തുക തന്നെ വേണം. അതിന് പറ്റിയത് ക്രൈംബ്രാഞ്ച് തന്നെ എന്ന അടിസ്ഥാനത്തിൽ അവരെ ഏൽപിച്ചിരിക്കുകയാണ് ഇപ്പോൾ കാര്യങ്ങൾ.

വിശ്വാസിയെ തേടി ക്രൈംബ്രാഞ്ച് പായുമ്പോൾ ചില അന്വേഷണങ്ങൾ പ്രസക്തമാവുമെന്ന് തോന്നുന്നു. ആരാണ് പൂമൂടിയതെന്ന് ഭഗവതിയോട് തന്നെ ചോദിച്ചുനോക്കൂ എന്ന് പറയാൻ നമുക്ക് ഇപ്പോൾ ഇ.കെ നായനാരില്ല. കോടിയേരിക്ക് അതിന് സാധ്യവുമല്ല. അപ്പോൾ പിന്നെ ക്രൈംബ്രാഞ്ച് അല്ലാതെ രക്ഷയില്ലല്ലോ.

പക്ഷേ, വിഷയം അതല്ല, കോടിയേരി തന്നെയാണ് പൂമൂടിയതെന്ന് കരുതുക; അതിലെന്താണ് ഇത്ര മാത്രം അശ്ലീലമായിട്ടുള്ളത് എന്നതാണ്. ഭൗതികവാദവും ഈശ്വരരഹിത വാദവുമൊക്കെ മാർക്സിസ്റ്റുകൾ കിത്താബിൽ പറയാറുണ്ട് എന്നതല്ലാതെ കാര്യത്തോടടുക്കുമ്പോൾ അതുണ്ടാവാറില്ല. കേരളത്തിലെ തന്നെ കൺകണ്ട മാർക്സിസ്റ്റ് ദൈവമായ ഇ.എം.എസ്സിന്റെ വീട്ടുകാർ ക്ഷേത്രസന്ദർശനം നടത്താറുണ്ടായിരുന്നു. ക്ഷേത്ര കമ്മിറ്റികളിലും പള്ളിക്കമ്മിറ്റികളിലും കയറിക്കൂടണമെന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ നയമാണ്. മലപ്പുറം ജില്ലയിൽ പാർട്ടി ഇപ്പോൾ ഏറ്റവും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് ജാറം കമ്മിറ്റികളിലും ദർഗ നടത്തിപ്പിലും പങ്കു കിട്ടുന്നതിലാണ്. തിരൂരിൽ ഈയിടെയുണ്ടായ പ്രശ്നങ്ങൾക്കു പിന്നിൽ പോലും ഇത്തരം ചില ഘടകങ്ങൾ പ്രവർത്തിച്ചിരുന്നു. പൊന്നാനി പുത്തൻപള്ളി ജാറം മാർക്സിസ്റ്റുകളുടെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമേഖലയാണ്.

ദൈവത്തെ കണ്ടാൽ കാർക്കിച്ചു തുപ്പണമെന്നൊന്നും സി.പി.എം എവിടെയും എഴുതിവെച്ചിട്ടില്ല. ദൈവത്തെ ആട്ടിപ്പായിക്കുകയും ചെവിക്ക് പിടിച്ച് പുറത്താക്കുകയുമൊക്കെ ചെയ്യുന്നതിന്റെ ചുവർചിത്രങ്ങൾ സോവിയറ്റ് യൂനിയനിലെ മതിലുകളിലുണ്ടായിരുന്നതായി Hellen Carrere dEncausse അവരുടെ *Decline of an Empire* (1979) എന്ന കൃതിയിൽ പറയുന്നുണ്ട്. എന്നാൽ സോവിയറ്റ് യൂനിയൻ പരേതനായ ശേഷം ഇമ്മാതിരി പരിപാടികളൊക്കെ അവർ അവസാനിപ്പിച്ചിട്ടുണ്ട്. പുതിയ കാലത്തിനും സന്ദർഭത്തിനും അനുസരിച്ച ഒരു മാർക്സിസം വികസിപ്പിക്കാൻ അവർ ശ്രമിക്കുന്നുണ്ട്. ഇന്ത്യൻ യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കേണ്ട ഒരു പ്രസ്ഥാനം പാർട്ടി നേതാക്കളും അവരുടെ കുടുംബാംഗങ്ങളും ക്ഷേത്രത്തിൽ പോകരുതെന്നും ദൈവത്തെ വണങ്ങരുതെന്നും വാദിച്ചുനിന്നാൽ പൊളിഞ്ഞുപോകുമെന്നും അവർക്ക് നല്ല ബോധ്യമുണ്ട്. വർഷാ വർഷം പുന്നപ്രയിലും വയലാറിലും കയ്യൂരിലുമൊക്കെ പോയി പുഷ്പാർച്ചന നടത്തി പാർട്ടി ആധ്യാത്മികത കെട്ടിപ്പടുത്തതുകൊണ്ട് മാത്രം പിടിച്ചുനിൽക്കാൻ കഴിയില്ലെന്ന് അവർക്കറിയാം. അതിനാൽ ശബരിമലയും അമ്മയും സായിബാബയുമെല്ലാം പഥ്യമാകുന്ന ഒന്നാണ് ഇന്ന് സി.പി.എം എന്ന് തിരിച്ചറിയുന്നതാണ് പാർട്ടിക്കും പത്രക്കാർക്കും നല്ലത്.

ഞാൻ അമ്പലത്തിൽ പോയെങ്കിൽ നിങ്ങൾക്കെന്ത് ചേതം എന്ന് ചോദിക്കുകയായിരുന്നു കോടിയേരി ചെയ്യേണ്ടിയിരുന്നത്. പക്ഷേ, മറ്റു പലരെയും പോലെ അദ്ദേഹത്തിനും അതിന് കഴിയുന്നില്ല. കാരണം, ഒഴിവാക്കാൻ കഴിയാത്ത ഒരു സിദ്ധാന്തഭാരം മറ്റ് പല മാർക്സിസ്റ്റുകളെയും പോലെ അദ്ദേഹത്തെയും പിന്തുടരുന്നുണ്ട്. അമ്പലത്തിൽ പോയി എന്നൊക്കെ പറയുന്നത് സൈദ്ധാന്തിക കരിയറിനെ ബാധിക്കുമെന്ന് അദ്ദേഹം ഭയക്കുന്നു. ഉള്ളിൽ വിശ്വാസം വെച്ചുപുലർത്തുമ്പോഴും പുറത്ത് വിശ്വാസം ഇല്ലെന്ന് വരുത്തൽ പാർട്ടിയിൽ പലർക്കും വലിയൊരു ബാധ്യതയാണ്. വിശ്വാസത്തെക്കുറിച്ച ഒരു തുറന്നുപറച്ചിലിന് അത് അവരെ അസാധ്യമാക്കുന്നു. ചിലതൊക്കെ പറയാൻ ശ്രമിച്ച പി. ഗോവിന്ദ പിള്ളക്ക് വേണ്ടതുപോലെ കിട്ടുകയും ചെയ്തിട്ടുണ്ട്.

ക്രൈംബ്രാഞ്ച് അന്വേഷണം വരികയോ വരാതിരിക്കുകയോ ചെയ്യട്ടെ, അതിൽ കോടിയേരിയുടെ വിശ്വാസം തെളിയുകയോ തെളിയാതിരിക്കുകയോ ചെയ്യട്ടെ, ഇനി കോടിയേരിയെ 'വിശ്വാസ'ത്തിൽ കുടുക്കാൻ ശ്രമിച്ചതാണെങ്കിൽ ആ വിരുതൻ പുറത്തുവരട്ടെ, എന്തു തന്നെയായാലും അണികൾക്കിടയിലെ വലിയൊരു പ്രശ്നത്തെ പാർട്ടി അഭിമുഖീകരിക്കേണ്ടിവരും. വ്യക്തിതലത്തിൽ വിശ്വാസത്തെ അംഗീകരിക്കുകയും പാർട്ടിതലത്തിൽ നിരാകരിക്കുകയും ചെയ്യുന്ന നിലവിലെ ഇരട്ടത്താപ്പ് അധികനാൾ തുടരാൻ കഴിയില്ല. മാർക്സിസമാകട്ടെ, അടിസ്ഥാനപരമായി വ്യക്തി/പാർട്ടി വിഭജനത്തെ നിരാകരിക്കുന്നതുമാണ്. അതിനാൽ ഈ വിഷയത്തിൽ ഒരു പഠന കോൺഗ്രസ് പാർട്ടിക്ക് നടത്തിനോക്കാവുന്നതാണ്. അതുമല്ലെങ്കിൽ അടുത്ത ഇ.എം.എസ് ദേശീയ സെമിനാറിന് ഇത് പ്രധാന വിഷയമായി തെരഞ്ഞെടുക്കാം. വിശ്വാസത്തെയും ആധ്യാത്മികതയെയും മതത്തെയും ഗൗരവത്തിലെടുക്കാതെ, പഠിക്കാതെ മാർക്സിസത്തിന് മുന്നോട്ടുപോവാൻ കഴിയില്ല. അതിന് സന്നദ്ധമാകുന്നില്ലെങ്കിൽ ഇനിയും ക്രൈംബ്രാഞ്ച് അന്വേഷണങ്ങൾ ധാരാളമായി നടത്തേണ്ടിവരും.

**തിരുത്ത്:** 2007 ജനുവരി 27-ലെ *പ്രതിവാരത്തിൽ* 'മുൻ സിമി നേതാവായ സി. ഹംസ' എന്നു പരാമർശിച്ചത് വസ്തുതാപരമായി പിശകാണെന്ന് സിമി മുൻ സംസ്ഥാന അധ്യക്ഷൻ ഡോ. ഔസാഫ് അഹ്സൻ വിളിച്ചറിയിച്ചിരിക്കുന്നു. സി. ഹംസ ഒരു കാലത്തും സിമിയിൽ ഉണ്ടായിരുന്നിട്ടില്ല എന്നതാണ് ശരി. ലേഖകന്റെ തെറ്റുധാരണ കൊണ്ട് വന്ന അബദ്ധമാണ്. വായനക്കാർ ഇത് മനസ്സിൽ വെക്കുമല്ലോ. ■